# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :03.08.2021

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, കോവിഡ് 19 രോഗവ്യാപനം മുഖേന യുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ വൈദ്യുതി ഉപഭോ ക്താക്കൾക്ക് പ്രഖ്യാപിച്ചിട്ടുള്ള ആശ്വാസ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടിയുള്ള പെറ്റീഷൻ (ഒ.പി..നം. 34/2021) കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷൻ കമ്മീഷന്റെ വെബ്സൈറ്റിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പെറ്റീഷന്മേൽ പൊതുജനങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടേയും അഭിപ്രായ ങ്ങളും നിർദ്ദേശങ്ങളും തപാൽ മാർഗ്ഗമോ, ഇ-മെയിൽ (kserc@erckerala.org) മുഖാന്തി രമോ 09.08.2021ന് മുൻപായി കമ്മീഷൻ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പെറ്റീഷനിന്മേലുള്ള പൊതുതെളിവെടുപ്പ് ഈ മാസം 11-ാം തീയതി (11.08.2021) വീഡിയോ കോൺഫറൻസ് മുഖാന്തിരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത തെളിവെടുപ്പിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള ഉപഭോക്താക്കളും പൊതുജനങ്ങളും 09.08.2021ന് മുൻപായി ഫോൺ നമ്പർ സഹിതം kserc@erckerala.org എന്ന ഇ-മെയിൽ മുഖാന്തിരം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. വീഡിയോ കോൺഫ റൻസിൽ പങ്കെടുക്കുന്നതിനാവശ്യമായ ലാപ്ടോപ്പ് / ഡെസ്ക്ടോപ്പ് / കമ്പ്യൂട്ടർ / സ്മാർട്ട് ഫോൺ / ടാബ്, ഇന്റർനെറ്റ് സൗകര്യം എന്നിവ പങ്കെടുക്കുവാൻ താൽപ്പ ര്യമുള്ളവർ കരുതേണ്ടതാണ്. വീഡിയോ കോൺഫറൻസിനുള്ള സമയക്രമവും ലിങ്കും ഇ-മെയിൽ മുഖാന്തിരം പൊതുതെളിവെടുപ്പിന് മുൻപായി അറിയിക്കുന്നതായിരിക്കും.

സെക്രട്ടറി